"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിലെ കരിമ്പം നദിക്ക് കറുകെയുള്ള പൂമംഗലം കൊടിലേരി പാലം നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1/2026/PWD തിരുവനന്തപുരം, തീയതി 01-01-2026

---

പരാമർശം:- 1. 22.04.2025 തീയതിയിലെ സ.ഉ(സാധാ) നമ്പർ 584/2025/PWD

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 20.09.2025 തീയതിയിലെ CEPWD/17098/2025-FR10-PWD നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിലെ കരിമ്പം നദിക്ക് കുറുകെയുള്ള പൂമംഗലം - കൊടിലേരി പാലം നിർമ്മാണത്തിനായി 4,59,97,680/- രൂപയുടെ (at agreed rates) പുതുക്കിയ ഭരണാനുമതി, ഭൂമി ഏറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുകയായ 1,77,76,804/- രൂപയ്ക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം നിമിത്തം പലിശ ഇനത്തിലുള്ള തുകയിൽ വന്ന വർദ്ധനവ് നഷ്ടപരിഹാര തുക അധികരിക്കാൻ കാരണമായിട്ടുണ്ടെന്നും അധികമായി ആവശ്യമായി വരുന്ന 3,52,041/- രൂപ കൂടി 5054-04-101-99-00-16-00-PV എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ

തളിപ്പറമ്പ് മണ്ഡലത്തിലെ കരിമ്പം നദിക്ക് കുറുകെയുള്ള പൂമംഗലം - കൊടിലേരി പാലം നിർമ്മാണത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയ 4,59,97,680/- രൂപയോടൊപ്പം ചീഫ് എഞ്ചിനീയർ ഭൂമി ഏറ്റെടുക്കുന്നതിനു അധികമായി ആവശ്യപ്പെട്ട 3,52,041/- രൂപയും ചേർത്ത് ആകെ 4,63,49,721/- രൂപയുടെ (നാല് കോടി അറുപത്തി മൂന്ന് ലക്ഷത്തി നാൽപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-101-99-00-16-00-PV എന്ന ശീർഷകത്തിൽ അനുവദിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ വിഭാഗം).

ധനകാര്യവകുപ്പ് (BW-E4/151/2025-FIN(E3136427)FINANCE(BW-E)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - D1/661/2025-PWD

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 01-01-2026 14:29:29

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്